**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1021** **10-06-2021 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri Ahammad Devarkovil<br>(തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | 2015 ഡിസംബർ 5 ന് നിർമ്മാണം ആരംഭിച്ച വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ഒന്നാം ഘട്ട നിർമ്മാണം 2019 ഡിസംബർ മൂന്നിനുള്ളിൽ പൂർത്തികരിക്കേണ്ടതായിരുന്നു. എന്നാൽ പാറ ലഭ്യമാക്കുന്നതിന് കരാർ കമ്പനിക്ക് കഴിയാത്തതിനാൽ പുലിമുട്ടിന്റെ നിർമ്മാണം പൂർത്തീകരിക്കാനായില്ല. പുലിമുട്ടിന്റെ നിർമ്മാണം പൂർത്തിയായാൽ മാത്രമേ ഡ്രഡ്ജിംഗ്, റിക്ലമേഷൻ, കണ്ടെയ്നർ ബർത്ത്, യാർഡ് എന്നിവയുടെ നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിയുകയുള്ളൂ. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു. |
| (ബി) | ഈ പദ്ധതി എന്നത്തേയ്ക്ക് പ്രവർത്തനസജ്ജമാകുമെന്ന് വ്യക്തമാക്കുമോ? | (ബി) | 03-11-2020 ൽ അദാനി പോർട്ട്സ് & സെസ് ലിമിറ്റഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായി ചീഫ് സെക്രട്ടറി നടത്തിയ യോഗത്തിൽ തുറമുഖ പദ്ധതി എത്രയും വേഗത്തിൽ പൂർത്തീകരിക്കാമെന്ന് അറിയിച്ചിരുന്നു. എന്നാൽ പാറയ്ക്കുള്ള ക്ഷാമവും കോവിഡ് മഹാമാരിയും നിർമ്മാണ പുരോഗതിയെ തടസ്സപ്പെടുത്തിയിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ

| ക്രമ. നം. | നിർമ്മാണ പ്രവർത്തി | പൂർത്തീകരിക്കേണ്ടിയിരുന്നത് | നിർമ്മാണ പുരോഗതി / സ്ഥിതി |
|---|---|---|---|
| 1 | പുലിമുട്ട് | 3100 മീറ്റർ | 810 മീറ്റർ |
| | | അക്രോപോഡ് നിർമ്മാണം - 20676 എണ്ണം | 10358 എണ്ണം |
| 2 | ഡ്രെഡ്ജിംഗ് & റിക്ലമേഷൻ | 7.1 ദശലക്ഷം ഘന മീറ്റർ | 33.00% |
| 3 | കണ്ടെയ്നർ ബെർത്ത് | 800 മീറ്റർ x 60 മീറ്റർ | പൈലിംഗ്, ബീമുകൾ, സ്ലാബുകൾ എന്നിവയുടെ പ്രീകാസ്റ്റിംഗ് പണികൾ 100% പൂർത്തികരിച്ചി ട്ടുണ്ട്. |
| 4 | കണ്ടെയ്നർ യാർഡ് | 30 ഹെക്ടർ | യാർഡിനാവ ശ്യമായ പേവർ ബ്ലോക്കുകളുടെ നിർമ്മാണം പുരോഗമിക്കുകയാണ്. |
| 5 | തുറമുഖത്തിനായിട്ടുള്ള യന്ത്രോ- പകരണങ്ങൾ (ക്രെയ്നുകൾ, ടഗ്ബോട്ടുകൾ തുടങ്ങിയവ) | കണ്ടെയ്നർ കൈകാര്യം ചെയ്യുന്നതിനുള്ള ക്രെയ്നുകൾ - 8 എണ്ണം | നിർമ്മാണത്തിനുള്ള കരാർ നൽകിയിട്ടുണ്ട് |
| | | ടഗ് ബോട്ടുകൾ - 4 എണ്ണം | 4 ടഗ് ബോട്ടു കളുടെ നിർമ്മാണം പൂർത്തിയായി |
| | | യാർഡ് ക്രെയ്നുകൾ - 24 എണ്ണം | നിർമ്മാണത്തിനുള്ള കരാർ നൽകിയിട്ടുണ്ട്. |